# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

E.A(1) 13/2018 തിരുവനന്തപുരം, തീയതി, 15.12.2018

website: www.cooperation.kerala.gov.in

e-mail: keralarcs.coop@kerala.gov.in

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം - സഹകരണ സംഘം സീനിയർ ഇൻസ്പെക്ടർ/ആഡിറ്റർമാരെ സ്പെഷ്യൽ ഗ്രേഡ് തസ്തികയിലേക്ക് നോമിനേറ്റ് ചെയ്ത് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം: 1. സർക്കാരിന്റെ 21.01.2016 ലെ ജി.ഒ.(പി) 7/2016/ഫിൻ നമ്പർ ഉത്തരവ്.
2. ഈ ആഫീസിലെ 31.03.2018 ലെ ഇ.ബി(5)5008/2016 നമ്പർ ഉത്തരവ്.
3. ഈ ആഫീസിലെ 15.12.2018-ലെ വി(2) 14481/2018 നമ്പർ അനൗദ്യോഗിക കത്ത്.
4. ഈ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) ടെ 20.10.2017 ലെ ഇ.ബി(2) 13/2017 നമ്പർ ഉത്തരവ്.

പരാമർശം (1) ഉത്തരവ് പ്രകാരം സഹകരണ സംഘം സീനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികകളുടെ 33% സ്പെഷ്യൽഗ്രേഡ് തസ്തികയായി നോമിനേറ്റ് ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പേരു പറയുന്ന 8 സീനിയർ ഇൻസ്പെക്ടർ/ആഡിറ്റർമാരെ 32300-68700 രൂപ ശമ്പള നിരക്കിൽ സഹകരണ സംഘം സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് നോമിനേറ്റ് ചെയ്ത് ഇപ്പോഴത്തെ നിയന്ത്രണ ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണത്തിൽ തുടരാൻ അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | ഏകീകൃത പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | നിയന്ത്രണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | രവീന്ദ്രനാഥൻ നായർ. ഇ.കെ. | 687 | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), തിരുവനന്തപുരം |
| 2 | ഷിജി വർഗ്ഗീസ് | 865 | ജോയിന്റ് രജിസ്ട്രാർ (ജനറൽ), വയനാട് |
| 3 | കെ.കെ. വാമനൻ നമ്പൂതിരി | 866 | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), എറണാകുളം |
| 4 | പി.കെ. ബിന്ദുമോൾ | 867 | ജോയിന്റ് രജിസ്ട്രാർ (ജനറൽ), കോട്ടയം |
| 5 | പി. ഹമീദ | 868 | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), കോഴിക്കോട് |

| | | | |
|---|---|---|---|
| 6 | എ.ആർ. സലിം | 869 | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, തിരുവനന്തപുരം |
| 7 | ജോർജ്ജ് ജോസഫ് | 870 | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), കാസർഗോഡ് |
| 8 | റ്റി.കെ. ബിനീഷ് | 871 | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), വയനാട് |

താഴെ പേരു പറയുന്ന ഇൻസ്പെക്ടർ/ആഡിറ്റർമാരെ അവരുടെ പേരിന് നേരെ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ മേൽ ഉത്തരവ് പ്രകാരമുള്ള ഉദ്യോഗകയറ്റത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

| ക്രമ നം | പേര് | ഏകീകൃത സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | ഒഴിവാക്കിയതിനുള്ള കാരണം |
|---|---|---|---|
| 1 | ഹാരിഹസൻ | 77 | വിവരം ലഭ്യമല്ല |
| 2 | റമിസ് റെഹ്മദ് | | ദീർഘകാല അവധി |
| 3 | രഘുവരൻ. സി.കെ. | 225 | ദീർഘകാല അവധി |
| 4 | അനിത ജോസഫ് | 315 | ദീർഘകാല അവധി |
| 5 | രമേശൻ നായർ. ആർ. | 322 | അച്ചടക്ക നടപടി |
| 6 | അബ്ദുൾ ഗഫൂർ | 548 | വിവരം ലഭ്യമല്ല |
| 7 | എൻ. സുഗതൻ | 579 | ദീർഘകാല അവധി |
| 8 | എസ്. തുളസിദാസ് | 589 | അച്ചടക്ക നടപടി |
| 9 | ആർ.എൻ. ഷിബുകുമാർ | 592 | ദീർഘകാല അവധി |
| 10 | മാനദേവൻ. സി. | 620 | വിവരം ലഭ്യമല്ല |
| 11 | എം. ബിനു | 723 | പ്രൊബേഷൻ പ്രഖ്യാപിച്ചിട്ടില്ല |
| 12 | കെ. കമറുദ്ദീൻ | 747 | വിവരം ലഭ്യമല്ല |
| 13 | കെ.എം. നജ്മ | 778 | ദീർഘകാല അവധി |
| 14 | എസ്.എം. ഹാരിസ് | 815 | പ്രൊബേഷൻ പ്രഖ്യാപിച്ചിട്ടില്ല |

ടി ഉത്തരവിലെ ക്രമ നമ്പർ (1) ശ്രീ. രവീന്ദ്രനാഥൻ നായർ. ഇ.കെ. യെ പരാമർശം (4) ഉത്തരവിലെ ക്രമ നമ്പർ (26) ശ്രീ. ഗോപാലകൃഷ്ണൻ. ആർ., ക്രമ നമ്പർ (27) ശ്രീ. സന്തോഷ് കുമാർ. കെ.ഡി. എന്നിവർക്ക് മദ്ധ്യേ ക്രമ നമ്പർ 26(എ) ആയി ഉൾപ്പെടുത്തുന്നു. ശ്രീ. രവീന്ദ്രനാഥൻ നായർ. ഇ.കെ. യുടെ സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേയ്ക്കുള്ള നോമിനേഷന് 20.10.2017 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്

സഹകരണ സംഘം സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ/ആഡിറ്റർമാരായി നോമിനേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാർ ആരെങ്കിലും കെ.എസ്.ആർ. പാർട്ട് 1, റൂൾ 144, 156 എന്നിവയ്ക്ക് വിധേയമായി സേവനമനുഷ്ഠിക്കുന്നുവെങ്കിൽ അവരെ ഉത്തരവ് തീയതി മുതൽ നിയന്ത്രണ ഉദ്യോഗസ്ഥന്മാർ സ്പെഷ്യൽ ഗ്രേഡ് തസ്തികയിൽ പ്രവേശിപ്പിക്കേണ്ടതാണ്. ഇത്തരം ഉദ്യോഗസ്ഥർ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങൾ അവരെ സ്പെഷ്യൽ ഗ്രേഡ് തസ്തികയിൽ ഉൾക്കൊള്ളാൻ വിസമ്മതിക്കുകയാണെങ്കിൽ നിയന്ത്രണ ഉദ്യോഗസ്ഥന്മാർ അവരെ തിരികെ വിളിക്കേണ്ടതും, പകരം അനുയോജ്യരായ ഉദ്യോഗസ്ഥന്മാരുടെ സേവനം ലഭ്യമാക്കേണ്ടതുമാണ്.

ഈ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ ആരെങ്കിലും അവരുടെ പേരിന് നേരെ കാണിച്ചിരിക്കുന്ന നിയന്ത്രണ ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിൽ സേവനമനുഷ്ഠിക്കുന്നില്ലെങ്കിൽ ഉത്തരവിന്റെ പകർപ്പ് അവർ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന നിയന്ത്രണ ഉദ്യോഗസ്ഥന്മാർക്ക് അയച്ച് കൊടുക്കേണ്ടതും, വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
പി.എസ്. മനോജ്
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തികൾക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
3) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
4) എല്ലാ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർമാർക്കും
5) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എ)